LIBRARY ARCHIVES Kerala Legislative Assembly

പുതിയ ബി.പി.എൽ. റേഷൻ കാർഡ്

304 (5029) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ. റേഷൻ കാർഡ് എ.പി.എൽ. ആയി മാറ്റുന്നതിനുവേണ്ടി ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?

2021 മേയ് വരെ അനർഹമായ 5.92 ലക്ഷം മുൻഗണനാ കാർഡുകൾ പൊതുവിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട്. കൂടാതെ സർക്കാർ നിർദ്ദേശപ്രകാരം അനർഹമായ 75263 മുൻഗണനാ കാർഡുകൾ 2021 ജൂലൈ 15 വരെ സ്വമേധയാ സറണ്ടർ ചെയ്തിട്ടുണ്ട്.

(ബി) പുതുതായി ബി.പി.എൽ. റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ വിശദീകരിക്കാമോ?

നിലവിൽ പുതിയ റേഷൻ കാർഡ് അനുവദിക്കുമ്പോൾ മുൻഗണനേതര നോൺ സബ്സിഡി വിഭാഗത്തിൽപ്പെട്ട കാർഡാണ് നൽകുന്നത്. മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് നിലവിലുള്ള മാനദണ്ഡ പ്രകാരം ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ, ലഭിക്കുന്ന കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്നമുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാവിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. സംസ്ഥാനത്തിന് അനുവദനീയമായ മുൻഗണനാ ഒഴിവുകൾ പരിമിതമായതിനാൽ അനർഹരെ കണ്ടെത്തി ഒഴിവാക്കുന്നമുറയ്ക്ക് മേൽപ്പറഞ്ഞ പട്ടികയിൽനിന്ന് അർഹരെ ഉൾപ്പെടുത്തുന്ന നടപടികൾ തുടർന്നുവരുന്നു.

മുൻഗണനാ കാർഡിനുള്ള അപേക്ഷകൾ

305 (5030) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എ.പി.എൽ. കാർഡുകൾ ബി.പി.എൽ. കാർഡുകളാക്കി മാറ്റിനൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള എത്ര അപേക്ഷകളുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

8386 അപേക്ഷകൾ. താലൂക്ക് തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

താലൂക്ക്	അപേക്ഷകളുടെ എണ്ണം
കാസർഗോഡ്	1520
ഹോസ്ദുർഗ്ഗ്	3003
വെള്ളരിക്കുണ്ട്	498
മഞ്ചേശ്വരം	3365
ആകെ	8386